പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3913 15.03. 2017 ൽ മറുപടിക്ക്

**കെ. എസ്. ഇ. ബി. യിൽ കാഷ്യർ/ജൂനിയർ അസിസ്റ്റൻറ് നിയമനം**

ചോദ്യം

ശ്രീ.ഷാഫി പറമ്പിൽ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)കെ. എസ്. ഇ. ബി. യിൽ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് എന്നിവരുടെ നിയമനത്തിന് പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;<br>(ബി)എന്നാൽ കെ. എസ്. ഇ. ബി. യിൽ മീറ്റർ റീഡർ/ലൈൻമാൻ, മസ്ദൂർ എന്നിവരെ കൊണ്ട് കാഷ്യർ തസ്തികയിലെ ജോലികൾ ചെയ്യിക്കുന്ന വിവരം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ;<br>(സി) എങ്കിൽ ഏതു ഉത്തരവ് പ്രകാരമാണ് ഇപ്രകാരം ജോലി ചെയ്യിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br>(ഡി)കെ. എസ്. ഇ. ബി. യിൽ കാഷ്യർ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നു വ്യക്തമാക്കുമോ; | (എ) ഉണ്ട് .ജൂനിയർ അസിസ്റ്റന്റ് /കാഷ്യർ തസ്തികകളിലേയ്ക്ക് കെ.എസ്.ഇ.ബി.യ്ക്ക് മാത്രമായി പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലില്ല. കെ.എസ്.ഇ.ബി ലിമിറ്റഡ് അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പൊതുവായി തയ്യാറാക്കിയ പി.എസ്.സി.റാങ്ക് ലിസ്റ്റാണ് നിലവിലുള്ളത്.<br>(ബി) സ്ഥിരം കാഷ്യർമാർ ലീവെടുക്കുമ്പോഴോ, ഉദ്യോഗക്കയറ്റം ലഭിച്ച് പോകുമ്പോഴോ മറ്റ് കാരണ- ങ്ങളാലോ താൽക്കാലികമായി കാഷ്യറുടെ അഭാവം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ഉപഭോക്താക്കൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന സേവനങ്ങൾക്ക് തടസ്സം നേരിടാതിരിക്കുന്നതിനു വേണ്ടി കാഷ്യർ തസ്തികയ്ക്ക് താഴെയുള്ള ശമ്പള സ്കെയിലിലുള്ള തസ്തികയിലെ ജീവനക്കാരെ താൽക്കാലികമായി ഇത്തരത്തിൽ നിയമിക്കാറുണ്ട്.<br>(സി) B.O. No.Estt.III/2537/88/Dated/Trivandrum/ 18/03/1988-ലെ ഉത്തരവ് പ്രകാരമാണ് ഇപ്രകാരം ജോലി ചെയ്യിക്കുന്നത്.<br>(ഡി)വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കംപ്യൂട്ടർ വൽക്കരണം, മറ്റ് ആധുനിക വല്കരണ നടപടികൾ എന്നിവയുടെ ഭാഗമായി തസ്തികകളുടെ പുന:ക്രമീകരണം നടക്കേണ്ടതുണ്ട്. ഇതിന്റെ തുടർച്ചയായി മാത്രമെ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികകളിലെഒഴിവുകൾ തിട്ടപ്പെടുത്താൻ കഴിയുകയുള്ളു. |
| (ഇ)ഈ ഒഴിവുകൾ പി. എസ്. സി. 'ക്ക് ഉടൻ റിപ്പോർട്ട് ചെയ്ത് നിയമന നടപടികൾ സ്വീകരിക്കുമോ? | (ഇ)വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച റിപ്പോർട്ട്, മീറ്റർ റീഡിംഗിന് PDA നടപ്പാക്കിയത്, കമ്പ്യൂട്ടർവത്ക്കരണ നടപടികൾ തുടങ്ങിയ കാര്യങ്ങൾ ജീവനക്കാരുടെ ജോലി ഭാരത്തിൽ വരുത്തിയ മാറ്റങ്ങൾ എന്നിവ പരിശോധിച്ച് മാത്രമെ കെ.എസ്.ഇ.ബി ലിമിറ്റഡിലെ വിവിധ തസ്തികകളിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളു. ഈ നടപടികളുടെ അടിസ്ഥാനത്തിൽ ഒഴിവുകൾ തിട്ടപ്പെടുത്തി മാത്രമെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ